**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3635** **14-07-2022 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിലെ കായിക വകുപ്പ് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായിക വകുപ്പിന്റെ കീഴിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ നിലവിൽ എന്തെല്ലാം പ്രവൃത്തികളാണുള്ളത്; ഇവയുടെ പുരോഗതി വ്യക്തമാക്കാമോ? | (എ) | കായികവകുപ്പിന്റെ കീഴിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ നടന്നു വരുന്ന പ്രവൃത്തിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, ഒറ്റപ്പാലം<br><br>കായിക വകുപ്പിന് കീഴിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെൻററ് സ്ഥാപിക്കുന്നതിനായി 49,98,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിക്ക് 46,76,800/- രൂപയുടെ സാങ്കേതികാനുമതി നൽകുകയും ദർഘാസ് ക്ഷണിച്ച് കരാറിലേർപ്പെടുകയും പദ്ധതിയുടെ പ്രാരംഭ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ കളിസ്ഥലം നിർമ്മിക്കുന്നതിനായി എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 50.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ എസ്റ്റിമേറ്റ്, ഡി.പി.ആർ എന്നിവ തയ്യാറാക്കുന്നതിനായി സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ച് പ്രാഥമിക പഠനം നടത്തുകയും പ്രസ്തുത സ്ഥലത്തിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വേ പ്രവൃത്തികൾ പൂർത്തീകരിക്കുകയും പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കി വരികയുമാണ്.<br><br>2) ഒറ്റപ്പാലത്ത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഇൻഡോർ സ്റ്റേഡിയം ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള ഗവ. വി.എച്ച്.എസ് ഫോർ ദ |

| | | | |
|---|---|---|---|
| | | | **ഡഫിന്റെ സ്ഥലത്ത് സ്ഥാപിക്കുന്നതിനായി പ്രസ്തുത സ്ഥലം സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ സന്ദർശിക്കുകയും നിർമ്മാണ യോഗ്യമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്തിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വേ പ്രവൃത്തികൾ പൂർത്തീകരിക്കുകയും. ഡി.പി.ആർ തയ്യാറാക്കി വരികയുമാണ്.** |

സെക്ഷൻ ഓഫീസർ